**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 793** **06-02-2023 - ൽ മറുപടിയ്ക്ക്**

**വീടുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി വകുപ്പ് നേരിട്ട് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | SAFE (Secure Accommodation and Facility Enhancement) പദ്ധതി പ്രകാരം ഭവന പുനരുദ്ധാരണത്തിനും ഭവന പൂർത്തീകരണത്തിനുമായി പട്ടികജാതി വിഭാഗക്കാർക്ക് 2 ലക്ഷം രൂപ നിരക്കിലും, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 2.50 ലക്ഷം രൂപ നിരക്കിലും ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) | പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ഫണ്ടുകളും ലൈഫ് പാർപ്പിട പദ്ധതിയുടെ ഭാഗമാക്കി മാറ്റിയ സാഹചര്യത്തിൽ അർഹരായ മുഴുവൻ പേർക്കും വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ധനസഹായം അനുവദിക്കുവാൻ കഴിയാതെ വരുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലൈഫ് ഭവന പദ്ധതിക്കായി പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷന് തുക അനുവദിക്കുന്നുണ്ട്. കൂടാതെ, ഭവന പൂർത്തീകരണത്തിനും പുനരുദ്ധാരണത്തിനുമുള്ള SAFE പദ്ധതിയും വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. ആയതിന് പ്രത്യേകമായി തുക വകയിരുത്തിയിട്ടുമുണ്ട്. |
| (സി) | വർഷങ്ങൾക്കു മുമ്പ് സർക്കാർ ധനസഹായത്തോടെ വീടുകൾ ഭാഗികമായി നിർമ്മിക്കുകയോ കാലപ്പഴക്കത്താൽ വാസയോഗ്യമല്ലാതാകുകയോ ചെയ്ത അർഹരായ അപേക്ഷകരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | അർഹരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനും, ഭവന പൂർത്തീകരണത്തിനുമായി SAFE (Secure Accommodation and Facility Enhancement) പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ